**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1067** **11-02-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ മിഷന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്ത മായി നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 54.45 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ നാളിതുവരെ 20.77 ലക്ഷം കുടിവെള്ള കണക്ഷനുകൾ നല്കിയിട്ടുണ്ട്. ബാക്കി കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. |
| (ബി) | 2020-ൽ ആരംഭിച്ച ടി പദ്ധതി എത്ര ശതമാനം പൂർത്തിയായെന്നും എപ്പോൾ പദ്ധതി പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ; | (ബി) | നിലവിലെ കണക്കനുസരിച്ച് ജൽജീവൻ മിഷൻ 38.15ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണ കാലാവധി 2028 വരെ നീട്ടിയിട്ടുണ്ട്. |
| (സി) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന സംയുക്ത പദ്ധതിയുടെ വിഹിതം എത്രയാണെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ; | (സി) | ജൽജീവൻ മിഷൻ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് നടപ്പിലാക്കുന്നത്. കേന്ദ്ര വിഹിതം 50%, സംസ്ഥാന വിഹിതം 25%, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം 15%, ഗുണഭോക്തൃ വിഹിതം 10% എന്ന അനുപാതത്തിലാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. |
| (ഡി) | നാളിതുവരെ എത്ര തുക ചെലവാക്കിയെന്നും ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എത്രയെന്നും തരംതിരിച്ച് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് ജൽജീവൻ മിഷൻ പദ്ധതിക്കായി ആകെ 44714.79 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ജൽജീവൻ മിഷൻ പദ്ധതിക്കായി ഇതുവരെ ആകെ 11060.39 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 5493.54 കോടി രൂപ കേന്ദ്ര വിഹിതവും 5566.85 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. |

സെക്ഷൻ ഓഫീസർ